പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നം. 264 | 11.10.2011 -ൽ<br>മറുപടിക്ക് |

ഉന്നത വിദ്യാഭ്യാസ മേഖലകളുടെ നിലവാരം ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.പി.കെ.അബ്ദുറബ്ബ്,<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളെ ഉന്നതനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകൾ ഉന്നതനിലവാരത്തിൽ തന്നെ പ്രവർത്തിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. കഴിഞ്ഞ കാലങ്ങളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയ ശേഷം ഇക്കാര്യത്തിൽ കാര്യക്ഷമവും ക്രിയാത്മകവുമായിട്ടുള്ള കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | സി.ബി.സി.എസ്.എസ്. (ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം) സംസ്ഥാനത്ത് നടപ്പാക്കുകവഴി ഈ മേഖലയിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഈ സമ്പ്രദായം നടപ്പാക്കിയതിലൂടെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഡിഗ്രിതല വാർഷിക രീതി സെമസ്റ്റർ സമ്പ്രദായത്തിലേയ്ക്ക് മാറി. തദനുസൃതമായി പരീക്ഷകളുടെ നടത്തിപ്പിലും വെക്കേഷനിലും മാറ്റങ്ങൾ വന്നു. പഴയ സമ്പ്രദായത്തിലെ മാർക്കിടൽ രീതി മാറി ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നു. കൂടുതൽ ഐച്ഛിക വിഷയങ്ങൾ പഠിക്കാൻ അവസരമുണ്ടാകുക , പഠനം ആയാസരഹിതമാവുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാകുക തുടങ്ങിയ കാര്യങ്ങൾ സാധ്യമാക്കാനായി. അതാത് സർവ്വകലാശാലകൾക്ക് അനുയോജ്യമായ വിധത്തിൽ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ നേതൃത്വത്തിൽ കോഴ്സുകളും സിലബസ്സുകളും പരിഷ്ക്കരിച്ചു. റിവ്യൂ കമ്മറ്റിയുടെ വിലയിരുത്തൽ പ്രകാരം സി.ബി.സി.എസ്.എസ്.ന്റെ ആദ്യഘട്ടം തൃപ്തികരമാണ്. |
| (സി) | പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതോടൊപ്പം കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അഡ്മിനിസ്ട്രേഷൻ കാലോചിതമായി പരിഷ്ക്കരിക്കാനും അനുയോജ്യമായ അക്കാഡമിക് സാഹചര്യമുണ്ടാക്കാനും നടപടി സ്വീകരിക്കുമോ; | (സി) | ഡോ.യു.ആർ.അനന്തമൂർത്തി കമ്മിറ്റി സമർപ്പിച്ച ഉന്നത വിദ്യാഭ്യാസ നയരേഖയിൽ ഇതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സ്വീകരിക്കും. കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ |

ഉൾപ്പെടുത്തിയിരുന്നു. അവ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി) യു.ജി.സി. റിപ്പോർട്ട് നടപ്പാക്കുമ്പോൾ അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പാക്കുന്നതോടൊപ്പം അദ്ധ്യാപകരുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, അവരുടെ കൃത്യനിർവ്വഹണവും, ഗുണനിലവാരവും വിലയിരുത്താനുള്ള നിർദ്ദേശങ്ങളും വേണ്ട രീതിയിൽ നടപ്പാക്കുന്നില്ല എന്ന ആക്ഷേപം പരിശോധിക്കുമോ;**

(ഡി) അദ്ധ്യാപകരുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, അവരുടെ കൃത്യനിർവ്വഹണവും, ഗുണനിലവാരവും വിലയിരുത്താനുള്ള നിർദ്ദേശങ്ങളും സംബന്ധിച്ച കെ.എൻ.പണിക്കർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ കഴിവതും വേഗം നടപടി സ്വീകരിക്കുന്നതാണ്.

**(ഇ) അദ്ധ്യാപകരും വിദ്യാർത്ഥികളും കൃത്യമായി ക്ലാസ്സിൽ ഹാജരാകുന്നുവെന്നും നിശ്ചിത സാധ്യായ ദിവസങ്ങളിൽ അധ്യയനം നടക്കുന്നുവെന്നും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;**

(ഇ) സർക്കാർ/ സർവ്വകലാശാലതലങ്ങളിൽ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്. അത് കൃത്യമായി നടപ്പാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് തുടർ നിർദ്ദേശം നൽകുന്നതാണ്.

**(എഫ്) കോളേജുകളിൽ കാലഹരണപ്പെട്ട തസ്തികകളിൽ ജോലി ചെയ്യാനില്ലാതെ ജീവനക്കാർ നിലനില്ക്കുമ്പോൾ അത്യാവശ്യ തസ്തികകളിൽ ജീവനക്കാരെ നിയമിക്കാറില്ല എന്ന പരാതി പരിശോധിക്കുമോ;**

(എഫ്) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**(ജി) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് കാലോചിതവും ശാസ്ത്രീയവുമായ നയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനും ഉന്നതവിദ്യാഭ്യാസ കൗൺസിൽ പുനഃസംഘടിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?**

(ജി) ഇതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ പുതിയ പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. സർക്കാർതലത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുവാനാണുദ്ദേശിക്കുന്നത് .കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.